എൻ. പ്രശാന്ത്

# ജീവനുപകരം ജീവൻ പദ്ധതി

**കാലന്റെ ഓഫീസിൽ മരണങ്ങളുടെ റിട്ടേൺ ഫയൽ ചെയ്തിരുന്നതും ചന്ദ്രശേഖരൻ തന്നെ ആയിരുന്നു. റജിസ്റ്ററുകൾ ഒളിച്ച് വച്ച സ്ഥലങ്ങളോ കാലന് റിട്ടേൺ ഫയൽ ചെയ്യുന്ന രീതിയോ മറ്റുള്ളവർക്ക് അറിയില്ലായിരുന്നു. അയാൾ അന്ന് രാവിലെ പാണ്ടിലോറി ഇടിച്ച് മരിച്ചു**



കാലന് കൃത്യം കണക്കുണ്ട്, ഇത്ര ജീവൻ കാലപുരിക്കെത്തിക്കണമെന്ന്. വാർഷിക ടാർഗെറ്റും, ക്വാർട്ടർലി ടാർഗെറ്റും വീക്ക്‌ലി ടാർഗെറ്റും ഒക്കെ ഉണ്ട്. അതിനനുസരിച്ച് ആളെക്കിട്ടണം. എന്നാൽ ശാസ്ത്രഗ്രന്ഥങ്ങളിലെ മാർക്കറ്റിങ് കാണ്ഡത്തിലോ പുരാണ അനുഷ്ഠാന ഗ്രന്ഥങ്ങളിലോ എവിടെയും തന്നെ ഇന്ന ആളെത്തന്നെ കിട്ടണം എന്ന് നിഷ്കർഷിക്കുന്നില്ല. ഇത്ര ജീവൻ വേണം എന്നേ പറയുന്നുള്ളൂ. വേക്കൻസികൾ കൃത്യമായി റിപ്പോർട്ട് ചെയ്യണം. അങ്ങനെയെങ്കിൽ, ഒരു ജീവനുപകരം മറ്റൊരു ജീവൻ നൽകി മരണത്തെ തോൽപ്പിക്കാൻ കഴിയുമോ? തൽക്കാലത്തേക്കെങ്കിലും കഴിയും എന്ന് ഉയ്യന്റപ്പ ഗ്രാമത്തിലെ ഭരണാധികാരികൾ തെളിയിച്ചു കഴിഞ്ഞു. ഉയ്യന്റപ്പയിലെ വരേണ്യവർഗ്ഗം മരണത്തെ കീഴ്പ്പെടുത്തിയിട്ട് ഇന്നേക്ക് പത്ത് വർഷം തികഞ്ഞിരിക്കുന്നു.

പത്ത് വർഷം മുൻപ് മാന്ത്രികാചാര്യൻ മനുക്കുട്ടനാണ് പഞ്ചായത്ത് ബോർഡ് മുൻപാകെ പദ്ധതി അവതരിപ്പിച്ചത്.

“ ജീവന് പകരം ജീവനെന്ന് പറഞ്ഞാൽ പോരാ.



അതിനൊക്കെ ഒരു കണക്കുണ്ട്. ജീവികൾ പലതാണല്ലോ. എല്ലാ ജീവനും ഒരേ വിലയാണെന്ന് വിശ്വസിക്കുന്നത് പമ്പര വിഡ്ഢിത്തം! മനുഷ്യരുടെ ഇടയിൽ തന്നെ ജീവന് വില വ്യത്യാസമുണ്ട്....”

പഞ്ചായത്ത് പ്രസിഡന്റും പ്രതിപക്ഷവും ഭരണപക്ഷവും ഉൾപ്പെട്ട മെമ്പർമാരും പഞ്ചായത്ത് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരും ആകാംക്ഷയോടെ കേട്ടിരുന്നു. നല്ല ശാസ്ത്ര അവഗാഹമുള്ളവർക്ക് മാത്രമേ ഇതിന്റെ കൃത്യമായ കണക്കും രീതികളും അറിയൂ. മനുകുട്ടൻ മന്ത്രവാദി തുടർന്നു,

“ഏകദേശ കണക്ക് പറയാം. നൂറ് പല്ലികൾ സമം ഒരു പാറ്റ. കറുത്ത പല്ലികൾ എട്ടെണ്ണം കൂട്ടിയാൽ ഒരു വെള്ളപ്പല്ലി, പതിനെട്ട് മനുഷ്യർ സമം ഒരു പാറ്റ. പതിനായിരം പാറ്റകൾ സമം ഒരെലി. നൂറ്റെട്ട് എലികൾ സമം ഒരാന. രണ്ട് പല്ലികൾ സമം ഒരു മനുഷ്യൻ. പതിനേഴ് മനുഷ്യർ സമം ഒരു ചിമ്പാൻസി. ഏഴര ആന സമം ഒരു പൂച്ച എന്നിങ്ങനെ പോകും.... വളരെ വളരെ കുഴഞ്ഞ കണക്കുകളാണിവ. കൂട്ടിക്കിഴിച്ച് നോക്കിയാൽ കണക്കുകൾ ഒക്കില്ല. കൺവെർട്ടബിലിറ്റി ഇല്ല എന്നതാണ് ഗുരുതരമായ സമസ്യ. ഡോളർ പോലെ വിനിമയ കറൻസിയായി ഒരു ജീവനും ഉയർന്ന് വന്നിട്ടില്ല. ജീവന്റെ മൂല്യ വ്യതിയാനങ്ങളും പ്രവചിക്കാൻ ബുദ്ധിമുട്ടാണ്.”

പഞ്ചായത്ത് സെക്രട്ടറി പരദൂഷൺ പിള്ള ഇടയ്ക്ക് കയറി ചോദിച്ചു, “കഴിഞ്ഞ കുറേ വർഷങ്ങളായി പഞ്ചായത്തിന്റെ പണം ഉപയോഗിച്ച് താളിയോല ഗ്രന്ഥങ്ങളുടെ ഗവേഷണം നടക്കുന്നു... പഞ്ചായത്തിന്റെ കാര്യങ്ങൾ നോക്കുന്ന നമ്മുടെയൊക്കെ നന്മയും ദീർഘായുസ്സും ഉറപ്പ് വരുത്താനായില്ലെങ്കിൽ പിന്നെന്തിന് ഇങ്ങനൊരു ഗവേഷണം?”

ബോർഡംഗങ്ങൾ യോജിച്ചു.

ഫിനാൻസ് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേസൺ സന്തോഷ് കുമാർ മറ്റുള്ളവരെ സാമാധാനിപ്പിച്ചുകൊണ്ട് പറഞ്ഞു.

“സമാധാനപ്പെടൂ സാറന്മാരേ. പരിഹാരം ഞാൻ കണ്ടെത്തിയിട്ടുണ്ട്. മനുഷ്യന് പകരം മനുഷ്യൻ. അതാണ് പോംവഴി. വിനിമയത്തിലെ സങ്കീർണ്ണതകൾ കുറേയൊക്കെ കുറയ്ക്കാൻ ഇത് ഉപകരിക്കും. കൃത്യമായി മനുഷ്യരുടെ വിലയിടാനാകും. പക്ഷേ, അതിന് പഞ്ചായത്തിലെ എല്ലാ മനുഷ്യരുടെയും കണക്കെടുക്കണം. അവരുടെ വിരലടയാളങ്ങൾ പതിക്കണം, കാൽപാദങ്ങളുടെ അളവെടുക്കണം, കണ്ണുകൾ പകർത്തിയെടുക്കണം, ഉടുതുണിയില്ലാതെ നിർത്തി എക്സ്റേ ഉപയോഗിച്ച് പടമെടുക്കണം. എല്ലാ വിവരങ്ങളും ക്രോഡീകരിച്ച് റജിസ്റ്റർ സൂക്ഷിക്കണം. പുരാണ ഗ്രന്ഥങ്ങളിൽ ഇത്തരം റജിസ്റ്ററിനെ പറയുന്ന പേര് ഉഡായിപ്പ് എന്നാണ്.”

മന്ത്രവാദി മനുക്കുട്ടൻ ശരിയെന്ന അർത്ഥത്തിൽ തലയാട്ടിക്കൊണ്ട് ഇടയ്ക്ക് കേറിപ്പറഞ്ഞു, “അതെ... ഇത്രയും എനിക്ക് കിട്ടിയാൽ താന്ത്രിക വിധിപ്രകാരം പഞ്ചായത്തിലെ ഓരോ മനുഷ്യന്റെയും വിലയിട്ട് തരുന്ന കാര്യം ഞാനേറ്റു.”

പ്രതിപക്ഷ നേതാവ് മൗനം ഭഞ്ജിച്ച് അഭിപ്രായം രേഖപ്പെടുത്തി. “ഉഡായിപ്പിനോട് തത്വത്തിൽ നമുക്ക് വിയോജിപ്പുണ്ട്. എന്നാലും ഒരു നല്ല കാര്യത്തിനല്ലേ... പോട്ടെ! എന്നാൽ ഒരു കാര്യം നമ്മുടെ ദീർഘായുസ്സിനായി പകരം ആരുടെയൊക്കെ ജീവനാണ് എടുക്കേണ്ടതെന്ന് സമവായത്തിലൂടെ മാത്രമേ തീരുമാനിക്കാവൂ. ഞങ്ങളുടെ അണികൾ ഞങ്ങൾക്ക് പ്രിയപ്പെട്ടവരാണ്.”

പഞ്ചായത്ത് പ്രസിഡന്റാണ് അതിന് മറുപടി പറഞ്ഞത്. “തീർച്ചയായും. ആരും ചോദിക്കാനും പറയാനും ഇല്ലാത്ത വേറെയും എത്രയോ പേർ ഉണ്ടല്ലോ...”

“എന്നാലും ഞങ്ങളുടെ അണികൾ ഞങ്ങൾക്ക് പ്രിയപ്പെട്ടവരാണ്. അവരെ വേദനിപ്പിക്കാതെ വേണം....”

“പിന്നല്ലാതെ....” പ്രസിഡന്റ് സമാധാനിപ്പിച്ചു.

“ഒന്നുണ്ട്. നമ്മൾ കുറച്ച് പേർ ചിരഞ്ജീവികളാവുന്നത് പക്വതയും അറിവുമില്ലാത്ത സാധാരണക്കാർ അറിയരുത്. ഭരണകൂടത്തിന്റെ ഇത്തരം രഹസ്യങ്ങൾ പുറത്തായ പല ആഫ്രിക്കൻ രാജ്യങ്ങളിലും ആഭ്യന്തരകലാപം പൊട്ടിപ്പുറപ്പെട്ടത് നമ്മളൊക്കെ വായിച്ചറിഞ്ഞതാണ്. ഇക്കാലത്ത് നന്മ ചെയ്യുമ്പോഴാണ് ഏറ്റവും സൂക്ഷിക്കേണ്ടത്. പഞ്ചായത്ത് സെക്രട്ടറി പരദൂഷൺ പിള്ള വളരെ ഗൗരവത്തോടെ ഓർമ്മിപ്പിച്ചു.

മനുക്കുട്ടൻ മന്ത്രവാദിയും അത് ശരിവച്ചു. “സൂക്ഷിക്കണം... എങ്കിലും വല്ലാതെ പേടിക്കാൻ മാത്രമൊന്നും ഇല്ല.” ആഫ്രിക്കൻ താളിയോലകളിൽ താൻ വായിച്ചെടുത്ത അപൂർവ മന്ത്രങ്ങൾ ഉദ്ധരിച്ചുകൊണ്ട് മന്ത്രവാദി മനുക്കുട്ടൻ ബോർഡ് അംഗങ്ങൾക്ക് ധൈര്യം പകർന്നു കൊണ്ട് തുടർന്നു, “ജമൈക്കയിലെ ഒരു ഗ്രാമത്തിൽ പണ്ടിതുപോലെ ജീവനുപകരം ജീവൻ പദ്ധതി വിജയകരമായി നടപ്പിലാക്കിയ ചരിത്രമുണ്ട്. അന്നവിടെ പിഞ്ച് കുഞ്ഞുങ്ങളെയാണ് കുരുതി കൊടുക്കാൻ ഭരണകൂടം തിരഞ്ഞെടുത്തത്. അന്ന് ഒരു കുഞ്ഞിന്റെ ജീവൻ അൻപത്തെട്ട് പുരുഷന്മാർക്ക് തുല്യമായിരുന്നു എന്നോർക്കണം. പോരാത്തതിന് രണ്ട് സ്ത്രീകൾ സമം ഒരു പുരുഷൻ എന്നും കണക്കുണ്ടായിരുന്നു. ഇന്ന് ഒരു പിഞ്ച് കുഞ്ഞിന്റെ ജീവൻ നൂറ്റെട്ട് മനുഷ്യരുടേതിന് തുല്യമാണ്.”



“ജമൈക്കയിൽ ഇന്നും പ്രസ്തുത പദ്ധതി തുടരുന്നുണ്ടോ?”

“എനിക്കറിയില്ല. താളിയോലകൾ അത് പറയുന്നില്ല.”

“എന്തായാലും നമുക്കിത് നടപ്പിലാക്കാം.” പ്രസിഡന്റ് സംഗ്രഹിച്ചു.

അങ്ങനെ ഉയ്യന്റപ്പ ഗ്രാമത്തിലെ പഞ്ചായത്തംഗങ്ങൾ ജീവനുപകരം ജീവൻ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചു. പഞ്ചായത്ത് മെമ്പർമാർ ആദ്യം തന്നെ

മരണത്തെ തോൽപ്പിച്ചു. പഞ്ചായത്ത് ജീവനക്കാരുടെ ഊഴം വന്നപ്പോൾ അത്ര എളുപ്പമായിരുന്നില്ല കാര്യങ്ങൾ. പൊതുജനങ്ങളിൽ നിന്ന് കുറച്ചൊക്കെ എതിർപ്പ് ഉണ്ടായി എന്നതാണ് സത്യം. പഞ്ചായത്തിലെ ജീവനക്കാർക്ക് മരിച്ച ഉടൻ പുനരുജ്ജീവിക്കാനായില്ലെങ്കിലും ഏതാനും നാളുകൾക്കകം പുതുജീവൻ കൊടുക്കാവുന്ന സാഹചര്യം പ്രസ്തുത പദ്ധതിയിലൂടെ കൊണ്ടുവരാനായി. പഞ്ചായത്തിലെ അടിപിടി കേസുകൾ അദാലത്ത് നടത്തി തീർപ്പാക്കിയിരുന്ന ജസ്റ്റീസ് മുത്തുവിനും ജസ്റ്റീസ് വിക്രമനും വേണ്ടി പ്രത്യേക പദ്ധതി തന്നെ കൊണ്ടു വന്നു. പദ്ധതി പ്രകാരം മുത്തുവിനെയും വിക്രമനെയും ഉടൻ പുനരുജ്ജീവിപ്പിക്കാനായില്ലെങ്കിൽ അവർക്ക് പഞ്ചായത്ത് നഷ്ടപരിഹാരം കൊടുക്കുമത്രെ.

അങ്ങനെ അധികം വൈകാതെ ആ ഗ്രാമത്തിലെ വരേണ്യർ ആരും തന്നെ ജീവിതത്തിൽ നിന്ന് വിരമിക്കാതായി. മറുവശത്ത്, ആരും ശ്രദ്ധിക്കാത്ത സാധാരണക്കാരുടെ മരണങ്ങൾ പതിവായി. റോഡപകടങ്ങളിൽ മരിക്കുന്നവരുടെ സംഖ്യ ദിവസേന 13 എന്നായി. പഞ്ചായത്തിലെ റോഡുകളും, കറണ്ട് പോസ്റ്റും, ആശുപത്രികളും, മറ്റെല്ലാ സൗകര്യങ്ങളും അപകടം പിടിച്ചതായി മാറി. ചെറുപ്പക്കാരും കുട്ടികളും കൂട്ടത്തോടെ മരിച്ച് വീഴുന്നത് പതിവായി. മരണങ്ങളുടെ ആധിക്യം കൊണ്ട് പത്രങ്ങളിൽ മരണവാർത്ത കൊടുക്കാതായി. സാധാണക്കാർ വായിക്കുന്ന പത്രങ്ങളിൽ അതാത് ദിവസം ജീവനോടെ ബക്കിയുള്ളവരുടെ പടം കൊടുക്കുന്ന പതിവ് തുടങ്ങി.



വരേണ്യർക്ക് നിത്യജീവൻ നൽകാനായി പകരം കൊല്ലപ്പെടുന്നവരുടെ കൃത്യമായ റജിസ്റ്റർ കാത്ത് സൂക്ഷിച്ച് വയ്ക്കുക എന്നതായിരുന്നു ഏറ്റവും സാഹസികമായ പ്രവൃത്തി. രഹസ്യം പുറത്താവാതിരിക്കാൻ നാല് കഷണങ്ങളായിട്ടാണ് രജിസ്റ്റർ വച്ചിരുന്നത്. പഞ്ചായത്തിലെ പ്രശസ്തമായ ഒരമ്പലത്തിന്റെ നിലവറയിലും കടലോരത്തെ പ്രശസ്തമായ മുസ്ലിം പള്ളിയിലുമായിട്ടാണ് രണ്ട് കഷണങ്ങൾ സൂക്ഷിച്ചിരുന്നത്. ഒരു കഷണം ബിഷപ്പിന്റെ വസതിയിലെ കിണറ്റിലായിരുന്നു. ഏറ്റവും പ്രധാനപ്പെട്ട നടുക്കണ്ടം പ്രതിപക്ഷകക്ഷിയുടെ ഓഫീസിനുമുന്നിലെ കൊടിമരത്തിന്റെ ചോട്ടിലായിരുന്നു. പഞ്ചായത്തിലെ ഏറ്റവും സുരക്ഷിതമായ സ്ഥലങ്ങളാണിവ.

കഴിഞ്ഞ പത്ത് വർഷമായി അതീവ രഹസ്യമായി നാല് കഷണം റജിസ്റ്ററുകളിലുമായി കണക്കുകൾ എഴുതിയിരുന്നത് ഓഫീസ് അറ്റന്റർ ചന്ദ്രശേഖരനായിരുന്നു. കാലന്റെ ഓഫീസിൽ മരണങ്ങളുടെ റിട്ടേൺ ഫയൽ ചെയ്തിരുന്നതും ചന്ദ്രശേഖരൻ തന്നെ ആയിരുന്നു. റജിസ്റ്ററുകൾ ഒളിച്ച് വച്ച സ്ഥലങ്ങളോ കാലന് റിട്ടേൺ ഫയൽ ചെയ്യുന്ന രീതിയോ മറ്റുള്ളവർക്ക് അറിയില്ലായിരുന്നു. അയാൾ അന്ന് രാവിലെ പാണ്ടിലോറി ഇടിച്ച് മരിച്ചു.

യഥാർത്ഥത്തിൽ മരണാസന്നനായ ഒരു ഉദ്യോഗസ്ഥ പ്രമാണിക്ക് വേണ്ടി ഓഫീസ് അറ്റന്റർ ചന്ദ്രശേഖരൻ കൊല്ലപ്പെടുകയായിരുന്നു. അപ്രതീക്ഷിതം. മരിച്ചുപോയ ചന്ദ്രശേഖരന്റെ പേര് മുതൽ ഇന്നത്തെ കണക്കുകൾ റജിസ്റ്ററിൽ കുറിക്കപ്പെട്ടില്ല. വൈകുന്നേരത്തോടെ കണക്കുകൾ മുഴുവൻ തെറ്റും. ഗുരുതര പ്രശ്നം, പഞ്ചായത്ത് ഹാളിൽ അടിയന്തര യോഗം!

''നമുക്ക് പകരം മരിച്ചവരുടെ റിട്ടേൺ കൃത്യമായി കാലപുരിക്ക് അയച്ചില്ലെങ്കിൽ അന്വേഷണം വരും. പഴയ കണക്കുകൾ എല്ലാം പരിശോധിക്കപ്പെടാം. പഴയ പലതും കുത്തിപ്പൊക്കി പ്രശ്നമുണ്ടാക്കാം.''

''എന്റെ ഡേറ്റ് നാല് കൊല്ലം മുൻപത്തേതാ. അതെങ്ങാനും പിടിച്ചാൽ....'' പ്രതിപക്ഷനേതാവ് ഇടറിയ ശബ്ദമെടുത്തു, ''എല്ലാം ഒരാളെ ഏൽപ്പിക്കരുത് എന്ന് എത്ര തവണ പറഞ്ഞതാണ്! അന്വേഷണം വന്നാൽ എല്ലാവരും കുടുങ്ങും....''

മന്ത്രികൻ മനുക്കുട്ടൻ വെപ്രാളത്തിൽ ഓടിക്കിതച്ച് യോഗത്തിൽ വന്ന് കേറി. ''ഒരു രക്ഷയുമില്ല. കണക്കുകൾ ആകെ കുഴഞ്ഞു. റജിസ്റ്റർ പുതുക്കി എഴുതിയെടുക്കാൻ ഏർപ്പാടാക്കിയെങ്കിലും സമയം കിട്ടുമെന്ന് തോന്നുന്നില്ല.... അതിന് മുന്നേ.... പണ്ടാരക്കാലൻ ഓഡിറ്റ് പാർട്ടിയെ വിടുമെന്നാണ് കേൾക്കുന്നത്....''

'' ഒരു ചുക്കും സംഭവിക്കില്ല... കണക്കുകൾ ഒന്നൂടെ കുഴപ്പിച്ചാൽ മതി.'' ഫിനാൻസ് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ സന്തോഷ് കുമാറായിരുന്നു അത് പറഞ്ഞത്. ''ഒന്നോ രണ്ടോ സ്കൂൾ ബസ്സുകൾ കൊക്കയിലേക്ക് ഇട്ടാൽ മതി. ഒരു ബോംബ് സ്ഫോടനം, രണ്ട് ലഹള... അങ്ങനെ എന്തൊക്കെ ആവാം... എന്നിട്ട് അതിലെ ജീവനുകളുടെ കണക്കുകൾ മുഴുവൻ തെറ്റിച്ച് എൻട്രിയാക്കുക. സിസ്റ്റം അൺറിലയബ്ൾ ആണെന്ന് തോന്നിച്ചാൽ മതി. ബാക്കി ഞാൻ ഏറ്റു.''

''ഓഡിറ്റ് പാർട്ടിക്ക് നല്ല കശുഅണ്ടിയും, ബോട്ടിലും, പിന്നെ ബോട്ടിങ്ങിനുള്ള സൗകര്യങ്ങളും ചെയ്യണം... അതെ.. അതെ.... ഒരു സെക്കന്റ് പോലും കണക്ക് നോക്കാൻ പറ്റാത്ത വിധം മുഴുവൻ സമയവും ഹൗസ് ബോട്ടിൽ ഇട്ട് കറക്കണം.....''

അങ്ങനെ അതിലൊരു തീർപ്പായി. കണക്ക് പരിശോധിക്കാൻ വന്ന കാലന്റെ ഓഡിറ്റ് ടീം ബൃഹത്തായ ഒരു പെർഫോർമൻസ് ഓഡിറ്റ് ഗ്രന്ഥം രചിച്ച് മടങ്ങിപ്പോയി. കശുഅണ്ടി ഇഷ്ടമില്ലാത്ത ഒരു ഓഡിറ്റർ മാത്രം, നഷ്ടപ്പെടേണ്ടിയിരുന്ന ജീവന്റെ കണക്കുകളെക്കുറിച്ച് കുറച്ചെന്തോ എഴുതിയിട്ടുണ്ടെന്നല്ലാതെ വേറെ പ്രശ്നങ്ങളൊന്നുമില്ല. നഷ്ടപ്പെടേണ്ടിയിരുന്നത് എന്നൊരു കണക്ക് സാങ്കല്പികം മാത്രമാണെന്നും യഥാർത്ഥത്തിൽ അങ്ങനെ ഒരു നഷ്ടമില്ലാത്തതുകൊണ്ട് ജീവന്റെ നഷ്ടക്കണക്കുകൾ അംഗീകരിക്കില്ലെന്ന് കാലനെ പഞ്ചായത്ത് ഭരണസമിതി അറിയിച്ചിട്ടുണ്ട്.

(ലേഖകൻ ഇന്ത്യൻ ഭരണ സർവീസ് അംഗമാണ്. കഥയും കഥാപാത്രങ്ങളും തികച്ചും സാങ്കല്പികം മാത്രമാണ്. ഫോൺ: 9447048777)